"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉദ്യോഗസ്ഥ-ഭരണപരിഷ്കാര വകുപ്പ് - സർവീസിലിരിക്കെ മരണമടയുന്ന സൂപ്പർന്യൂമററി ജീവനക്കാരുടെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതിയുടെ ആനുകൂല്യം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (റൂൾസ്-ബി) വകുപ്പ്**

സ.ഉ.(കൈ) നം.12/2026/P&ARD തീയതി,തിരുവനന്തപുരം, 07-03-2026

---

പരാമർശം:- 1. 29-03-2025-ലെ സ.ഉ.(അച്ചടി) നം.4/2025/പി.&എ.ആർ.ഡി നമ്പർ ഉത്തരവ്.

**<u>ഉത്തരവ്</u>**

സംസ്ഥാന സർക്കാർ സർവ്വീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് നിലവിലുണ്ടായിരുന്ന വ്യവസ്ഥകൾ അതിലംഘനം ചെയ്തുകൊണ്ട് പരാമർശ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സർക്കാർ സർവ്വീസിൽ സ്ഥിരമായി നിയമിക്കപ്പെട്ടവരും ജോലി ചെയ്യുന്നവരുമായ സർക്കാർ ജീവനക്കാരുടെ ആശ്രിതർക്ക് സേവന ദൈർഘ്യം കണക്കിലെടുക്കാതെ ടി പദ്ധതിയുടെ പ്രയോജനത്തിന് അർഹതയുണ്ട്. എന്നാൽ സൂപ്പർന്യൂമററി തസ്തികയിൽ സേവനമനുഷ്ഠിച്ചു വരവേ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് നിലവിൽ ഈ പദ്ധതിയുടെ ആനുകൂല്യത്തിന് അർഹതയുണ്ടായിരുന്നില്ല. പ്രസ്തുത സാഹചര്യത്തിൽ സൂപ്പർന്യൂമററി തസ്തികകളിൽ സേവനമനുഷ്ഠിച്ചു വരുന്ന ജീവനക്കാർ മരണമടഞ്ഞാൽ, അത്തരം ജീവനക്കാരുടെ ആശ്രിതർക്ക് നിയമനം നൽകുന്ന വിഷയം പരിശോധിക്കണമെന്ന് വിവിധ തലങ്ങളിൽ നിന്ന് ആവശ്യപ്പെടുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാർ സർവ്വീസിൽ സേവനമനുഷ്ഠിക്കവേ മരണമടയുന്ന ജീവനക്കാരന്റെ കുടുംബത്തിന്റെ സഹതാപാർഹമായ സാഹചര്യം കണക്കിലെടുത്താണ് ആശ്രിത നിയമനം നൽകുന്നത്. മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർ എന്നത് റഗുലർ തസ്തികയിൽ ഉള്ളവർ ആയാലും, സൂപ്പർന്യൂമററി തസ്തികയിൽ ഉള്ളവർ ആയാലും, ഈ രണ്ടു വിഭാഗങ്ങളും പ്രത്യേക യോഗ്യതയോ അയോഗ്യതയോ ഉള്ളവർ അല്ല എന്ന വസ്തുത കൂടി കണക്കിലെടുത്തും, ജീവനക്കാരന്റെ മരണംകൊണ്ട് ടിയാന്റെ കുടുംബത്തിനുണ്ടാകുന്ന നഷ്ടവും ഭാവിയിലേക്ക് ഉണ്ടാകുമായിരുന്ന ഒരു സ്ഥിരവരുമാനത്തിന്റെ ഉറവിടം നഷ്ടമാകുന്നു എന്ന അനുതാപാർഹമായ സാഹചര്യവും കണക്കിലെടുത്ത് സൂപ്പർന്യൂമററി തസ്തികയിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്കും കൂടി പരാമർശ ഉത്തരവ് പ്രകാരമുള്ള സമാശ്വാസ തൊഴിൽദാന പദ്ധതിയുടെ

ആനുകൂല്യം അനുവദിച്ച്  ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും, ചീഫ് സെക്രട്ടറിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിക്കും
എല്ലാ വകുപ്പ് മേധാവികൾക്കും/നിയമനാധികാരികൾക്കും,
എല്ലാ ജില്ലാ കളക്ടർമാർക്കും
അക്കൗണ്ടന്റ് ജനറൽ (എ&ഇ)കേരളം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, നിയമസഭ സെക്രട്ടേറിയറ്റ് (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം/ തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, എറണാകുളം/തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പൊതുഭരണ (എസ്.സി) വകുപ്പ് (05.03.2026-ലെ മന്ത്രിസഭായോഗം ഇനം നം.3830 പ്രകാരം)
നിയമം, ധനകാര്യം, ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും, സെക്ഷനുകൾക്കും.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (വിപുലമായ പ്രചരണത്തിന്)
വെബ് & ന്യൂ മീഡിയ (സർക്കാരിന്റെ ഔദ്യാഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
നോഡൽ ഓഫീസർ, പി & എ ആർ ഡി (വകുപ്പിന്റെ www.pard.kerala.gov.in എന്ന വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
**Signed by Sivakumar. G**
**Date: 07-03-2026 10:59:13**

സെക്ഷൻ ഓഫീസർ

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 05-03-2026**

ഫയൽ നം. ഉപ.സി2/334/2017/ഉഭപവ. ഇനം നം: 3830

വിഷയം : ഉദ്യോഗസ്ഥ-ഭരണപരിഷ്കാര വകുപ്പ് - സൂപ്പർ ന്യൂമററി തസ്തികയിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആശ്രിത നിയമനം നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ഉദ്യോഗസ്ഥ-ഭരണ പരിഷ്കാര വകുപ്പ്.

3830

# കേരള സർക്കാർ
## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | ഉപ.സി 2/334 /2017-ഉഭപവ |
| 2. | വകുപ്പ് | : | ഉദ്യോഗസ്ഥ-ഭരണപരിഷ്കാര(റൂൾസ് ബി)വകുപ്പ് |
| 3. | വിഷയം | : | സൂപ്പർ ന്യൂമററി തസ്തികയിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആശ്രിത നിയമനം നൽകുന്നത്- -സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിനു സമർപ്പിക്കുന്നതിനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവിന്റെ തീയതി | : | 28/02/2026 |
| 5. | I)ഇത് സാമ്പത്തിക ബാധ്യത ഉള്ളതാണോ<br>(ii)എങ്കിൽ ധനവകുപ്പിന്റെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ; | : | അതെ<br>ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ; | : | ഉണ്ട്. നിയമ വകുപ്പ്/സാമൂഹ്യനീതി വകുപ്പ്<br>ഉണ്ട് |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീ. റ്റി.എസ്.പ്രവീൺ കുമാർ |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 02.03.2026 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ.ജയതിലക് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 03.03.2026 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 04.03.2026 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 04.03.2026 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച കത്തിന്റെ / ഉത്തരവിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

സൂപ്പർ ന്യൂമററി തസ്തികയിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആശ്രിത നിയമനം നൽകുന്നത് സംബന്ധിച്ചതാണ് ഈ കുറിപ്പിലെ പ്രതിപാദ്യം.

2. സർക്കാർ സർവ്വീസിൽ ജോലി ചെയ്തുവരവെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് 24.05.1999 ലെ G.O.(P)No.12/99/P&ARD ഉത്തരവിലെ വ്യവസ്ഥകളുടെയും, അനുബന്ധ ഉത്തരവുകളുടെയും അടിസ്ഥാനത്തിലാണ് ആശ്രിത നിയമനം നൽകി വന്നിരുന്നത്. ആശ്രിത നിയമനത്തിനുള്ള വ്യവസ്ഥകൾ അതിലംഘനം ചെയ്തുകൊണ്ട് 29.03.2025 ൽ സ.ഉ.(അച്ചടി) നമ്പർ.4/2025/പി.&എ.ആർ.ഡി. പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം, സംസ്ഥാന സർക്കാർ സർവ്വീസിൽ ഇരിക്കെ മരണമടയുന്ന ജീവനക്കാരുടെ 13 വയസ്സോ അതിനു മുകളിലോ പ്രായമുള്ള ആശ്രിതർക്ക് ഈ പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് അർഹതയുണ്ട്. 'സർക്കാർ ജീവനക്കാർ' എന്നതിൽ കണ്ടിജന്റ് ആന്റ് വർക്ക് എസ്റ്റാബ്ലിഷ്മെന്റ് ഉദ്യോഗസ്ഥർ, പാർട്ട് ടൈം ജീവനക്കാർ, എൻ.എം.ആർ. തൊഴിലാളികൾ, വിവിധ സർക്കാർ വകുപ്പുകൾക്ക് കീഴിലുള്ള സീസണൽ ജീവനക്കാർ, സംസ്ഥാനത്ത് വിവിധ വകുപ്പുകളിൽ ജോലി ചെയ്യുന്ന എസ്.എൽ.ആർ (Seasonal Labour Roll), കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസന വകുപ്പുകളിലെ സ്ഥിരം തൊഴിലാളികൾ, എന്നീ വിഭാഗങ്ങളും ഉൾപ്പെടുന്നതാണ്. മാത്രമല്ല ഈ പദ്ധതി പ്രകാരം തൊഴിൽ/ധന സഹായം എന്നിവ ലഭിക്കുന്നതിന് കുറഞ്ഞ സേവന കാലയളവ് സംബന്ധിച്ച് നിയന്ത്രണങ്ങൾ ഉണ്ടായിരിക്കുന്നതല്ല. കൂടാതെ സർക്കാർ

സർവീസിൽ സ്ഥിരമായി നിയമിക്കപ്പെട്ടവരും ജോലി ചെയ്യുന്നവരുമായ സർക്കാർ ജീവനക്കാരുടെ ആശ്രിതർക്ക് സേവന ദൈർഘ്യം കണക്കിലെടുക്കാതെ പദ്ധതിയുടെ പ്രയോജനത്തിന് അർഹതയുമുണ്ട്. സൂപ്പർന്യൂമററി തസ്തികയിൽ സേവനമനുഷ്ഠിച്ചു വരവേ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് നിലവിൽ ഈ പദ്ധതിയുടെ ആനുകൂല്യത്തിന് അർഹതയില്ല.

3. സാമൂഹ്യനീതി വകുപ്പിന്റെ 18/05/2013 ലെ സ.ഉ(പി)നം.40/13/സാ.നീ.വ, 07/08/2013 ലെ സ.ഉ(പി)നം.63/13/സാ.നീ.വ എന്നീ ഉത്തരവുകൾ പ്രകാരം 16.08.1999 മുതൽ 31.12.2003 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം ലഭിച്ച് 179 ദിവസം സേവനം പൂർത്തിയാക്കിയ അംഗപരിമിതരായ ജീവനക്കാർക്ക് അവർ പെൻഷൻ പറ്റി പിരിഞ്ഞു പോകുന്നതോടു കൂടി ടി തസ്തികകൾ ഇല്ലാതാവുന്നതാണ് എന്ന നിബന്ധനയോടെ സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നൽകിയിരുന്നു. അതോടൊപ്പം, ആശ്രിത നിയമന അപേക്ഷകളിലെ ബാക്ക് ലോഗ് നികത്തുന്നതിനായി സ.ഉ.(കൈ)നം.174/12/പൊ.ഭ.വ തീയതി 06.07.2012, സ.ഉ.(കൈ)നം.249/13/പൊ.ഭ.വ തീയതി 02.09.2013 എന്നീ ഉത്തരവുകൾ പ്രകാരം സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് 'റഗുലർ ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് ആയതിലേക്ക് സർവീസ് ക്രമീകരിക്കും' എന്ന വ്യവസ്ഥയ്ക്ക് വിധേയമായി നിയമനം നല്കിയിട്ടുണ്ട്. ഇതുകൂടാതെ സർക്കാരിന്റെ മറ്റു പദ്ധതികൾ മുഖേനയും സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇപ്രകാരം സൃഷ്ടിക്കപ്പെട്ട സൂപ്പർ ന്യൂമററി തസ്തികകളിൽ നിയമിതരാവുന്നവർക്ക് 13.10.2017 ലെ സ.ഉ.(കൈ)നം.20/17/ഉ.ഭ.പ.വ. ഉത്തരവ് പ്രകാരം 1960 ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങളും, 1960 ലെ കെ.സി.എസ്. (സി.സി.&എ)റൂൾസും ബാധകമാണ്. പ്രസ്തുത സാഹചര്യത്തിൽ സൂപ്പർന്യൂമററി തസ്തികകളിൽ സേവനമനുഷ്ഠിച്ചു വരുന്ന ജീവനക്കാർ മരണമടഞ്ഞാൽ, അത്തരം

ജീവനക്കാരുടെ ആശ്രിതർക്ക് നിയമനം നൽകുന്ന വിഷയം പരിശോധിക്കണമെന്ന് വിവിധ ഭാഗങ്ങളിൽ നിന്ന് ആവശ്യപ്പെട്ടുകയുണ്ടായി.

4. സൂപ്പർ ന്യൂമററി തസ്തികയിലെ ജീവനക്കാർ regularly appointed എന്ന നിർവചനത്തിൽ ഉൾപ്പെടുന്നില്ല എന്നതിന്റെ അടിസ്ഥാനത്തിലും ഇപ്രകാരം നിയമനം നൽകിയാൽ ടി ജീവനക്കാരെ ഏതു തസ്തികയിൽ (റെഗുലർ/സൂപ്പർന്യൂമററി) ഉൾപ്പെടുത്തും എന്നിവ സംബന്ധിച്ചും സാമൂഹ്യനീതി, നിയമ വകുപ്പുകളുടെ അഭിപ്രായം ആരാഞ്ഞിരുന്നു.

നിയമ വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായം ലഭ്യമാക്കിയിട്ടുള്ളതാണ്.

*24.05.1999 -ലെ സ.ഉ.(പി)നം.12/99/ഉഭപവ നമ്പർ ഉത്തരവിലെ 4, 15 ഖണ്ഡികകളുടെയും KS&SSR, ഭാഗം-I, ചട്ടം 2(1) ന്റെയും സംയുക്ത വായനയിൽ സംസ്ഥാന സർക്കാരിന്റെ ഒരു സർവീസിലെ കേഡർ തസ്തികയിൽ സ്ഥിര നിയമനം ലഭിച്ച് സേവനത്തിലിരിക്കവേ മരണമടയുന്ന സർക്കാർ ജീവനക്കാരുടെ ആശ്രിതർക്കാണ് ഈ പദ്ധതിക്ക് അർഹതയുള്ളത് എന്ന് വ്യക്തമാണ്. ആയത് പ്രകാരം സൂപ്പർന്യൂമററി തസ്തികയിലിരിക്കെ മരണമടഞ്ഞ ജീവനക്കാരുടെ ആശ്രിതർ നിലവിലെ വ്യവസ്ഥകൾ പ്രകാരം പ്രസ്തുത പദ്ധതിയുടെ പരിധിയിൽ വരില്ല എന്ന് കാണാവുന്നതാണ്. എന്നാൽ സർക്കാർ സേവനത്തിലിരിക്കെ മരണമടഞ്ഞ ജീവനക്കാരുടെ ആശ്രിതർക്കായുള്ള സമാശ്വാസ തൊഴിൽദാന പദ്ധതി സർക്കാരിന്റെ ഒരു സഹായ പദ്ധതിയായതിനാൽ അതിന്റെ ഗുണഭോക്താക്കൾ ആരാകണം എന്നത് സർക്കാരിന് തീരുമാനിക്കാവുന്നതാണ്. സൂപ്പർന്യൂമററി ആയി നിയമിതരായ ജീവനക്കാർ മരണമടയുമ്പോൾ അവരുടെ ആശ്രിതരെക്കൂടി സമാശ്വാസ തൊഴിൽദാന*

പദ്ധതിയിൽ ഉൾപ്പെടുത്തുകയെന്നത് സർക്കാരിന്റെ നയപരമായ തീരുമാനത്തിന് വിധേയമാണ്. അപ്രകാരം സൂപ്പർന്യൂമററി തസ്തികകളിൽ നിയമിതരായ ജീവനക്കാരുടെ ആശ്രിതരെ പ്രസ്തുത പദ്ധതിയിൽ (റഗുലർ /സൂപ്പർ ന്യൂമററി) തസ്തികയിൽ ഉൾപ്പെടുത്തണമെന്ന് താല്പര്യമുള്ളപക്ഷം സർക്കാർ നയപരമായ തീരുമാനം കൈക്കൊള്ളുന്നതിനും 24.05.1999 -ലെ സ.ഉ.(പി)നം.12/99/ഉഭപവ നമ്പർ ഉത്തരവിൽ ആവശ്യമായ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിച്ച കൊണ്ട് ആയത് നടപ്പിലാക്കാവുന്നതാണെന്നും ഭരണവകുപ്പിനെ അറിയിക്കാവുന്നതാണ്.

5. സാമൂഹ്യനീതി വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

18.05.2013 ലെ ജി.ഒ.(പി) 40/2013/സാ.നീതി.വ നമ്പർ ഉത്തരവ് പ്രകാരം 16.08.1999 മുതൽ 31.12.2003 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം താൽക്കാലിക നിയമനം ലഭിച്ച് 179 ദിവസം സേവനം പൂർത്തിയാക്കിയ ഭിന്നശേഷിക്കാർക്ക് പുനർനിയമനം നൽകുന്നതിനായി, ഈ ജീവനക്കാർ പെൻഷൻ ആയി പിരിഞ്ഞ് പോകുമ്പോൾ ടി തസ്തികകൾ ഇല്ലാതാകും എന്ന വ്യവസ്ഥയിലാണ് സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിച്ചത്. ഇത്തരത്തിൽ നിയമിതരായ ഭിന്നശേഷിക്കാരായ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ നിർണ്ണയിച്ചുകൊണ്ട് പുറപ്പെടുവിച്ച 03.02.2016 ലെ സ.ഉ.(പി) 1/2016/സാ.നീ.വ നമ്പർ ഉത്തരവ് പ്രകാരം ഇവരുടെ നിയമനം ക്രമീകരിക്കുകയോ പ്രൊബേഷൻ കാലം പൂർത്തിയാക്കി ഉത്തരവു പുറപ്പെടുവിക്കുകയോ ചെയ്യുന്നില്ല. ഈ സാഹചര്യത്തിൽ 18.05.2013 ലെ ജി.ഒ.(പി) 40/2013/സാ. നീതി വ. നമ്പർ ഉത്തരവ് പ്രകാരം സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിതരായ ഉദ്യോഗസ്ഥർ

*മരണമടഞ്ഞാൽ അവരുടെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി നൽകുന്നതിന് വ്യവസ്ഥയില്ല എന്ന വിവരം അറിയിക്കുന്നു.*

6. നിയമ, സാമൂഹ്യനീതി വകുപ്പുകളുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ സൂപ്പർ ന്യൂമററി ആയി നിയമിതരായ ജീവനക്കാർ മരണമടയുമ്പോൾ അവരുടെ ആശ്രിതരെക്കൂടി സമാശ്വാസ തൊഴിൽദാന പദ്ധതിയിൽ ഉൾപ്പെടുത്തുന്ന വിഷയത്തിൽ അഭിപ്രായത്തിനായി ധനകാര്യ വകുപ്പിന് നല്കുകയും ചെയ്തു. പ്രസ്തുത വകുപ്പിന്റെ അഭിപ്രായം ചുവടെ കണ്ടാലും.

*" സർക്കാർ സർവ്വീസിൽ സേവനമനുഷ്ഠിക്കവേ മരണമടയുന്ന ജീവനക്കാരന്റെ കുടുംബത്തിന്റെ സഹതാപാർഹമായ സാഹചര്യം കണക്കിലെടുത്താണ് ആശ്രിത നിയമന വ്യവസ്ഥയിൽ നിയമനം നൽകുന്നത് എന്നതിനാൽ സർക്കാർ സർവ്വീസിൽ ഏതു വിധേനയാണെങ്കിലും സ്ഥിരം നിയമനം (ഭാവിയിൽ പിരിച്ചുവിടും എന്ന വ്യവസ്ഥ ഇല്ലാതെ) നേടിയ ഒരു ജീവനക്കാരൻ മരണപ്പെട്ടാൽ അയാളുടെ സർവ്വീസ് ചരിത്രം പരിശോധനാ വിധേയമാക്കേണ്ടതില്ല. മരണമടയുന്ന ദിവസം അയാൾ സർവ്വീസിൽ ഒരു സ്ഥിരം നിയമനം ലഭിച്ചിട്ടുള്ള തസ്തികയിൽ തുടരുന്ന ആളാണ് എങ്കിൽ പ്രസ്തുത ജീവനക്കാരന്റെ ആശ്രിതരെയും Compassionate Employment Scheme-ൽ ഉൾപ്പെടുത്തുന്നതിനോട് വിയോജിപ്പില്ല. മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർ എന്നത് റഗുലർ തസ്തികയിൽ ഉള്ളവർ ആയാലും, സൂപ്പർ ന്യൂമററി തസ്തികയിൽ ഉള്ളവർ ആയാലും, ഈ രണ്ടു വിഭാഗങ്ങളും പ്രത്യേക യോഗ്യതയോ അയോഗ്യതയോ ഉള്ളവർ അല്ല എന്ന വസ്തുത കൂടി കണക്കിലെടുത്ത് ജീവനക്കാരന്റെ മരണംകൊണ്ട് ടിയാന്റെ*

കുടുംബത്തിനുണ്ടാകുന്ന നഷ്ടവും ഭാവിയിലേക്ക് ഉണ്ടാകുമായിരുന്ന ഒരു സ്ഥിരവരുമാനത്തിന്റെ ഉറവിടം നഷ്ടമാകുന്നു എന്ന അനുതാപാർഹമായ സാഹചര്യം കണക്കിലെടുത്ത് സൂപ്പർ ന്യൂമററി തസ്തികയിലുള്ളവരുടെ ആശ്രിതരെയും Compassionate Employment Scheme-ൽ ഉൾപ്പെടുത്തുന്നതിനോട് ധനവകുപ്പിന് വിയോജിപ്പില്ല എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു. Compassionate Employment Scheme നിയമനം എന്നത് ഏതെങ്കിലുമൊരു സ്റ്റാറ്റ്യൂട്ടറി പ്രൊവിഷന്റെ അടിസ്ഥാനത്തിലല്ല എന്നതിനാൽ ചട്ട പ്രകാരമുള്ള മറ്റ് പ്രതിബന്ധങ്ങൾ ഒന്നും ഇക്കാര്യത്തിൽ ഇല്ല എന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു .

ഇതിന് ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട് .

പ്രൊപ്പോസൽ അടുത്ത മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ പി & എആർഡി യ്ക്ക് നിർദ്ദേശം നൽകുക എന്ന് ബഹു.മുഖ്യമന്ത്രി 28/02/2026 ന് ഉത്തരവിട്ടിട്ടുണ്ടെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു. "

7. സൂപ്പർ ന്യൂമററി തസ്തികയിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതരെയും സമാശ്വാസ തൊഴിൽദാന പദ്ധതിയിൽ ഉൾപ്പെടുത്തുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് ബഹു.മുഖ്യമന്ത്രി ധനകാര്യ വകുപ്പിന്റെ ഫയലിൽ ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

സംസ്ഥാന സർക്കാർ സർവീസിൽ സൂപ്പർ ന്യൂമററി തസ്തികയിൽ ജോലി ചെയ്തുവരവേ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് 29.03.2025 തീയതിയിലെ സ.ഉ.(അച്ചടി) നം.4/2025/പി.&എ.ആർ.ഡി ഉത്തരവ് പ്രകാരമുള്ള സമാശ്വാസ തൊഴിൽദാന പദ്ധതിയുടെ ആനുകൂല്യം അനുവദിക്കാവുന്നതാണോ?